**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 840** **25.01.2018-ൽ മറുപടിയ്ക്ക്**

# ഹോസ്റ്റലുകളിലെ വാർഡൻ തസ്തിക

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഇതിൽ എത്ര ഹോസ്റ്റലുകളിൽ വാർഡൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്; | ബി) | ഒഴിഞ്ഞു കിടക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 63 ഹോസ്റ്റലുകളിൽ വാർഡൻ തസ്തികയിൽ സ്ഥിരം ജീവനക്കാരില്ല. ടി തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. |
| സി) | ഒഴിവുള്ള വാർഡൻ തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | സി) | വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ വാർഡൻ തസ്തിക "In addition to the cadre of clerks in the Department" ആണ്. തസ്തികയിലെ നിയമന രീതി "By transfer from among clerks" ആണ്. കൂടാതെ, വാർഡൻ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേന നികത്താൻ പാടില്ലായെന്നും, "By transfer" മുഖേന നികത്തണമെന്നും |

| | | | |
|---|---|---|---|
| | | | ബഹു.ഹൈക്കോടതി വിധിയുണ്ട്. (Judgment dated 05.11.2013 contained in WA No.738/2011, 1713/2010 & connected cases of Hon. High Court of Kerala) വാർഡൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനായി വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരെ വാർഡൻ തസ്തികയിലേയ്ക്ക് മാറ്റി നിയമനം നടത്തുന്നുണ്ട്. |

Haripriya
സെക്ഷൻ ഓഫീസർ